# എബ്രായലേഖനത്തിന്റെ ജീവ-പഠനം

## ദൂത് അറുപത്തഞ്ച്

# ജീവപ്രമാണത്തിന്റെ പ്രവർത്തനത്താൽ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നത്

## ആദ്യജാതനായ പുത്രൻ മൂലരൂപമാകുന്നു

Sat മുഴുവൻ വേദപുസ്തകത്തിന്റെയും കേന്ദ്രീയചിന്ത തന്റെ ആവിഷ്കാരത്തിനുവേണ്ടി അനേകം പുത്രന്മാരെ ദൈവത്തിന് വേണം എന്നതാണ്. ഇത് നിർവഹിക്കുന്നതിനായി ദൈവത്തിന് ആദ്യം ഒരു മാതൃക, ഒരു മൂലരൂപം ഉണ്ടായിരിക്കണം. ഈ മൂലരൂപം ദൈവപുത്രനായ യേശു ക്രിസ്തു ആണ്. ക്രിസ്തു ഒന്നാം പ്രാവശ്യം വന്നപ്പോൾ അവൻ ദൈവത്തിന്റെ ഏകജാതനായ പുത്രനായി വന്നു. ദൈവത്തിന്റെ ഏകജാതനായ പുത്രനെന്ന നിലയിൽ അവൻ ജഡത്തിൽ ഒരു യഥാർഥ മനുഷ്യനായി ത്തീർന്നു. അവൻ മനുഷ്യസ്വഭാവത്തോടുകൂടിയ ഒരു ശരിയായ മനുഷ്യനായിരുന്നെങ്കിലും, അവൻ അപ്പോഴും ദൈവത്തിന്റെ ഏകജാതനായ പുത്രനായിരുന്നു. അവൻ ഭൂമിയിലായിരുന്നപ്പോൾ, അവൻ മിക്കപ്പോഴും അവനെത്തന്നെ ദൈവപുത്രനെന്നോ മനുഷ്യപുത്രനെന്നോ വിളിച്ചു (യോഹ. 10:36; 5:25; 1:51; മത്താ. 8:20). ഭൂതങ്ങൾ കർത്താവായ യേശുവിനെ കണ്ടുമുട്ടിയപ്പോൾ അവ അവനെ ദൈവപുത്രനെന്ന് അഭിസംബോധന ചെയ്തു (മത്താ. 8:29), എന്നാൽ ഇതു പറയരുതെന്ന് അവൻ അവയോടു കല്പിച്ചു. കർത്താവ് ഇപ്രകാരം പറഞ്ഞതായി തോന്നുന്നു, "പിശാചിനെ അനുഗമിക്കുന്ന ഭൂതങ്ങളായ നിങ്ങൾ ഞാൻ ഇവിടെ മനുഷ്യപുത്രനായാണ് ഇരിക്കുന്നതെന്ന് തിരിച്ചറിയണം. പിശാചിനോടും നിങ്ങളോടും ഇടപെടുവാൻ ജഡത്തിൽ ഒരു മനുഷ്യനായി ഞാൻ വന്നിരിക്കുന്നു." ജഡത്തിലുള്ള അവന്റെ മരണത്താലായിരുന്നു ക്രിസ്തു പിശാചിനെ നശിപ്പിച്ചത് (എബ്രാ. 2:14). അതുകൊണ്ട്, പിശാചും സകല ഭൂതങ്ങളും മനുഷ്യപുത്രനായ അവനെ ഭയപ്പെട്ടിരുന്നു. പിശാച് കർത്താവിനെ മരുഭൂമിയിൽ

പ്രലോഭിപ്പിച്ചപ്പോൾ അവൻ പറഞ്ഞത്, "നീ ദൈവപുത്രനാകുന്നു എങ്കിൽ ഈ കല്ലുകൾ അപ്പമായിത്തീരേണ്ടതിനു പറയുക" (മത്താ. 4:3). കർത്താവായ യേശു മറുപടി നൽകിയത്, "മനുഷ്യൻ അപ്പംകൊണ്ടു മാത്രമല്ല, ദൈവത്തിന്റെ വായിലൂടെ പുറപ്പെടുന്ന സകല വചനം കൊണ്ടും ജീവിക്കും" (മത്താ. 4:4) എന്നാണ്. കർത്താവ് ഇപ്രകാരം പറഞ്ഞതായി തോന്നുന്നു, "സാത്താനേ, ഞാനിവിടെ ആയിരിക്കുന്നത് ദൈവപുത്രനായല്ല, ഉല്പത്തിപുസ്തകത്തിൽ വാഗ്ദത്തം ചെയ്ത ആ മനുഷ്യനായിട്ടാണെന്ന് നീ അറിയണം. നിന്റെ തലയെ തകർക്കുവാൻ ഞാൻ വന്നിരിക്കുന്നു."

ഇന്നത്തെ ക്രിസ്തുമതത്തിൽ ആധുനികവാദികൾ എന്ന് വിളിക്കപ്പെടുന്നവരുണ്ട്. പുരാതന കാലങ്ങളിൽ സദൂക്യരെന്നു വിളിക്കപ്പെടുന്ന പുരാതന ആധുനികവാദികൾ ഉണ്ടായിരുന്നു; അവർ ദൂതന്മാരിലോ ഭൂതങ്ങളിലോ പുനരുത്ഥാനത്തിലോ വിശ്വസിച്ചിരുന്നില്ല (പ്രവൃ. 23:8). ഇന്നത്തെ ആധുനികവാദികൾ ആ സദൂക്യരുടെ പിൻഗാമികളാണ്. കർത്താവായ യേശുവിനെക്കുറിച്ച് അവൻ ഒരു യെഹൂദൻ മാത്രമാണെന്നും, അവന്റെ മാതാപിതാക്കൾ മറിയയും യോസേഫും ആണെന്നും പരീശന്മാരോടുകൂടെ സദൂക്യരും ചിന്തിച്ചിരുന്നു. ഇങ്ങനെയുള്ള ഒരു വ്യക്തിയുടെ അടുക്കൽ യേശു വന്നപ്പോൾ, അവൻ ദൈവപുത്രനായിരുന്നു എന്ന് എപ്പോഴും ഊന്നൽ നൽകി (യോഹ. 5:17-18, 25). യേശു മനുഷ്യപുത്രനാകുന്നതിൽ ഭൂതങ്ങൾ ഭയപ്പെട്ടപ്പോൾ, പിശാചിന്റെ പ്രചോദനത്തിൻകീഴിലുള്ള ആധുനികവാദികൾ അവൻ ദൈവപുത്രനാണെന്ന് ഏറ്റുപറയുന്നില്ല. യേശു മനുഷ്യപുത്രനാണെന്ന് ഭൂതങ്ങൾ സമ്മതിക്കുന്നുവെങ്കിൽ അവ നശിപ്പിക്കപ്പെടും, യേശു ദൈവപുത്രനാണെന്ന് ഒരു മനുഷ്യൻ ഏറ്റുപറയുന്നുവെങ്കിൽ അവൻ രക്ഷിക്കപ്പെടും (യോഹ. 20:31). യേശു ആരാണ്? അവൻ ദൈവപുത്രനും മനുഷ്യപുത്രനും ആണ്. നമുക്ക് അവൻ ദൈവപുത്രനും, ശത്രുവിന് അവൻ മനുഷ്യപുത്രനും ആണ്.

ഈയിടെ, പതിനെട്ടും ഇരുപത്തൊന്നും വയസ്സുള്ള രണ്ട് യുവാക്കൾ ഒരു തർക്കിക്കുന്ന ഒരു ആത്മാവോടുകൂടെ എന്റെ അടുക്കൽ വന്നു പറഞ്ഞത്, "യേശു ദൈവത്തിന്റെ ഏകജാതനായ പുത്രനാണെന്ന് യോഹന്നാൻ 3:16-ഉം, യേശുക്രിസ്തു ഇന്നലെയും ഇന്നും എന്നെന്നേക്കും അനന്യനാണെന്ന് എബ്രായർ 13:8-ഉം പറയുന്നു. ഏകജാതനായ പുത്രൻ ആദ്യജാതനായ പുത്രനായിത്തീർന്നുവെന്ന് നിങ്ങൾക്കെങ്ങനെ പറയാൻ കഴിയും? യേശുവിന് മാറ്റംവന്നുവെന്ന് ഇത് അർഥമാക്കുന്നു. എന്നാൽ വേദപുസ്തകം പറയുന്നത് അവൻ ഇന്നലെയും, ഇന്നും, എന്നെന്നേക്കും അനന്യനാകുന്നു എന്നാണ്." തന്റെ ജഡാവതാരത്തിനുമുമ്പ് ക്രിസ്തു ദൈവപുത്രൻ മാത്രമായിരുന്നു; അവൻ മനുഷ്യനായിരുന്നില്ല. അവന്റെ ജഡാവതാരം ഒരു വലിയ മാറ്റമായിരുന്നില്ലേ?

യവനഭാഷ അനുസരിച്ച് യോഹന്നാൻ 1:14 പറയുന്നു, "വചനം ജഡമായിത്തീർന്നു." ഇത് നിശ്ചയമായും ഒരു മാറ്റത്തെ ചൂണ്ടിക്കാണിക്കുന്നു. ക്രിസ്തുവിന് ഇങ്ങനെയുള്ള ഒരു മാറ്റം ഉണ്ടായി ട്ടില്ലെങ്കിൽ, നാം ഇപ്പോഴും പരിതാപകരമായ ഒരു സാഹചര്യത്തിൽ ആയിരിക്കുമായിരുന്നു. അവൻ ഒരു മനുഷ്യനായിത്തീരാതെയും ദിവ്യത്വത്തോടുകൂടെ ദൈവപുത്രനായി മാത്രം ഇരിക്കുകയും ചെയ്തിരുന്നുവെങ്കിൽ, നാം എങ്ങനെ രക്ഷിക്കപ്പെടുമായിരുന്നു? ക്രിസ്തുവിന് മാറ്റം വന്നിരിക്കുന്നു. ദൈവപുത്രൻ മാത്രമായിരിക്കു ന്നതിൽനിന്നും ഒരു മനുഷ്യനായി അവൻ മാറി. കർത്താവിന്റെ ജഡാവതാരത്തെ പരിഗണിക്കുക. അവന്റെ ജഡാവതാരത്തി നുമുമ്പ്, അവൻ ദൈവപുത്രൻ മാത്രമായിരിക്കുകയും അവന് മനുഷ്യസ്വഭാവം ഇല്ലാതിരിക്കുകയും ചെയ്തു. അവൻ തനിച്ചും, ഒറ്റയ്ക്കും, പൂർണ്ണമായും ദിവ്യത്വം മാത്രമുള്ള ദൈവപുത്രനായിരുന്നു. അവന് മാംസവും രക്തവും ഉണ്ടായിരുന്നില്ല. എന്നാൽ അവന്റെ ജഡാവതാരത്താൽ അവൻ സമൂലമായി മാറി. സമൂലമായ ഈ മാറ്റം ഉണ്ടായതിൽ അവൻ തന്റെ ദിവ്യത്വം ഒഴിവാക്കിയില്ല. ഇല്ല, തന്റെ ദിവ്യത്വം നിലനിർത്തിക്കൊണ്ട് അവൻ മനുഷ്യത്വം എടുത്തു. ഇക്കാരണത്താൽ, അവന്റെ ജഡാവതാരത്തിൽ അവന് ദിവ്യത്വവും മനുഷ്യത്വവും ഉണ്ടായിരുന്നു. യേശു ദൈവത്തിന്റെ ഏകജാതനായ പുത്രൻ മാത്രമാണെന്ന് ഇന്ന് നിരവധി ക്രിസ്ത്യാനികളെയും പഠിപ്പിക്കുന്നു. ഈ ഏകജാതനായ പുത്രൻ ആദ്യജാതനായ പുത്രനായിത്തീർന്നുവെന്ന് അവർ ഒരിക്കലും പഠിച്ചിട്ടില്ല.

വചനം ജഡമായിത്തീർന്നുവെന്ന് യോഹന്നാൻ 1:14-ഉം ഒടുക്കത്തെ ആദാം ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു വെന്ന് 1 കൊരിന്ത്യർ 15:45-ഉം പറയുന്നു. ഇവിടെ 1 കൊരിന്ത്യർ 15:45-ൽ നമുക്ക് മറ്റൊരു "ആയിത്തീർന്നു" ഉണ്ട്. ഒന്നാമത്, ക്രിസ്തു ദൈവപുത്രനായിരുന്നു. തന്റെ ജഡാവതാരത്തിൽ അവൻ ജഡമായിത്തീരുകയും, പിന്നീട് ജഡത്തിലുള്ള ഒരു മനുഷ്യനെന്ന നിലയിൽ അവൻ ജീവൻ-നൽകുന്ന ആത്മാവായിത്തീരുകയും ചെയ്തു. വചനം ജഡമായിത്തീർന്നു എന്നു പറയുന്ന യോഹന്നാൻ 1:14-ഉം, ഒടുക്കത്തെ ആദാം ജീവൻ നൽകുന്ന ആത്മാവായിത്തീർന്നു എന്നു പറയുന്ന 1 കൊരിന്ത്യർ 15:45-ഉം നാം വിശ്വസിക്കുന്നു. യേശു ആത്മാവായിത്തീർന്നു എന്നു പറയുന്നതു നിമിത്തം എന്നെ ഒരു ദൈവദൂഷകനെന്ന് കുറ്റംവിധിച്ചു. ത്രിത്വത്തെക്കു റിച്ചുള്ള അവരുടെ പഴയ, പരമ്പരാഗത ഉപദേശമനുസരിച്ച്, എതിർക്കുന്നവർ പറയുന്നത് പിതാവ് പിതാവാണെന്നും, പുത്രൻ പുത്രനാണെന്നും, ആത്മാവ് ആത്മാവാണെന്നുമാണ്. എന്നാൽ ഇപ്പോൾ അവർ അസ്വസ്ഥരാണ്, കാരണം ക്രിസ്തു ജീവൻ നൽകുന്ന ആത്മാവായിത്തീർന്നു എന്ന് 1 കൊരിന്ത്യർ

15:45 പറയുന്നു. എത്ര ആത്മാക്കളുണ്ട്? ഒന്നേയുള്ളൂ. ക്രിസ്തു പുത്രനാണോ ആത്മാവാണോ? അവൻ പുത്രനും ആത്മാവും മനുഷ്യനും ആണ്. ക്രിസ്തു മനുഷ്യനായിത്തീർന്നപ്പോൾ അവൻ ഇനിമേൽ ദൈവപുത്രനായിരുന്നില്ല എന്നോ, അവൻ ആത്മാവായിത്തീർന്നപ്പോൾ അവൻ ഇനിമേൽ മനുഷ്യനും ദൈവപുത്രനും ആയിരുന്നില്ല എന്നോ ഇതിനർഥമില്ല. അവൻ സർവവും ഉൾക്കൊള്ളുന്നവനാണ്.

നിങ്ങളുടെ പക്കൽ ഒരു ഗ്ലാസ്സ് വെള്ളം ഉണ്ടെന്നു സങ്കൽപിക്കുക. അതിലേക്ക് നിങ്ങൾ തേയില ചേർക്കുമ്പോൾ നിങ്ങൾ വെള്ളത്തെ നീക്കിക്കളയുന്നില്ലല്ലോ? നിങ്ങൾ പാൽ ചേർക്കുമ്പോൾ, നിങ്ങൾക്ക് അപ്പോഴും വെള്ളവും തേയിലയും ഉണ്ട്. വെള്ളവും തേയിലയും പാലും സർവവും ഉൾക്കൊള്ളുന്ന ഒരു പാനീയത്തെ ഉണ്ടാക്കുന്നു. നാം വെള്ളം കുടിക്കുമ്പോൾ നാം തേയിലയും പാലും കുടിക്കുന്നു. അടിസ്ഥാനപരമായി ഈ പാനീയം പച്ചവെള്ളമാണ്, എന്നാൽ അത് തേയിലയുടെയും പാലിന്റെയും മൂലകങ്ങളാൽ സമ്പന്നമാക്കപ്പെട്ടിരിക്കുന്നു. ക്രിസ്തു ഇന്ന് ആരാണ്? അവൻ ദിവ്യത്വവും മനുഷ്യത്വവും ഉൾപ്പെടുന്ന ജീവൻ-നൽകുന്ന ആത്മാവാണ്. ഇന്ന് നമ്മുടെ രക്ഷിതാവ് ജഡാവതാരത്തിനുമുമ്പ് ആയിരുന്നതുപോലെയോ, അവൻ ഭൂമിയിലുണ്ടായിന്നപ്പോൾ ആയിരുന്നതുപോലെയോ അല്ല. അവന്റെ ജഡാവതാരത്തിനുമുമ്പ്, മനുഷ്യ മൂലകമില്ലാതെ അവൻ തികച്ചും ദിവ്യനായിരുന്നു. അവൻ ബെത്ലഹേമിലെ പശുത്തൊട്ടിയിൽ മറിയയിൽനിന്നു ജനിച്ചപ്പോൾ, അവൻ മനുഷ്യത്വത്താൽ ഇഴുകിച്ചേരുകയും മനുഷ്യസ്വഭാവം ധരിക്കുകയും ചെയ്തു. അവൻ ഭൂമിയിലായിരുന്നപ്പോൾ അവൻ ദിവ്യനും മാനുഷികനും ആയിരുന്നു. ദൈവപുത്രനും മനുഷ്യപുത്രനുമായതിനാൽ, അവൻ ദൈവവും മനുഷ്യനും ആയിരുന്നു. അവന്റെ പുനരുത്ഥാനത്താൽ, അവൻ ജീവൻ-നൽകുന്ന ആത്മാവായിത്തീർന്നു. അവൻ ഇനി ദൈവപുത്രനോ മനുഷ്യപുത്രനോ അല്ലെന്ന് ഇത് ഒരിക്കലും അർഥമാക്കുന്നില്ല; ഇത് അർഥമാക്കുന്നത് ദൈവപുത്രനെന്ന നിലയിൽ അവൻ മനുഷ്യപുത്രനെ ആത്മാവിലേക്ക് കൊണ്ടുവന്നു എന്നാണ്.

ഞാൻ ചെറുപ്പമായിരുന്നപ്പോൾ, മനുഷ്യനായ യേശു ക്രിസ്തു ദൈവപുത്രൻ മാത്രമാണെന്നായിരുന്നു എന്നെ പഠിപ്പിച്ചിരുന്നത്. പുനരുത്ഥാനത്തിലൂടെ അത്ഭുതവാനായ ഈ ദൈവ-മനുഷ്യൻ ജീവൻ നൽകുന്ന ആത്മാവായിത്തീർന്നുവെന്ന് എന്നെ ഒരിക്കലും പഠിപ്പിച്ചിരുന്നില്ല. അവൻ നമ്മുടെ പാപങ്ങൾക്കുവേണ്ടി ക്രൂശിൽ മരിക്കുകയും, മരിച്ചവരിൽനിന്ന് ഉയിർത്തെഴുന്നേൽക്കുകയും, ജീവിക്കുന്നവനും സർവശക്തനും നമ്മെ അങ്ങേയറ്റം രക്ഷിക്കുവാൻ പ്രാപ്തനുമായ (എബ്രാ. 7:25), രക്ഷിതാവായി

ഇപ്പോൾ അവൻ ഇരിക്കുന്നിടമായ സ്വർഗത്തിലേക്ക് ആരോഹണം ചെയ്യുകയും ചെയ്തു എന്നു മാത്രമാണ് എന്നോടു പറഞ്ഞിട്ടുള്ളത്. എന്നാൽ, ചിന്തിക്കുന്നവനായ ഒരു ചെറുപ്പക്കാരനെന്ന നിലയിൽ യേശുവിന് എന്നെ എങ്ങനെ അങ്ങേയറ്റം രക്ഷിക്കുവാൻ കഴിയുമെന്ന് ഞാൻ അത്ഭുതപ്പെട്ടിരുന്നു. ഞാൻ എന്നോടുതന്നെ പറഞ്ഞു, "ഇതെങ്ങനെ സാധിക്കും? അവൻ എന്നിൽനിന്നും വളരെയകലെ സ്വർഗത്തിൽ സിംഹാസനത്തിൽ ഇരിക്കുന്നു, ഞാൻ ഇവിടെ അവനിൽനിന്നും വളരെയകലെ ഭൂമിയിലിരിക്കുന്നു. അവന് എങ്ങനെ എന്നെ അങ്ങേയറ്റം രക്ഷിക്കുവാൻ കഴിയും?" ഈ പ്രശ്നം പരിഹരിക്കുവാൻ ഞാൻ ശ്രമിച്ചുവെങ്കിലും, എനിക്ക് അതിനു കഴിഞ്ഞില്ല. യേശു ഇപ്പോൾ സ്വർഗത്തിൽ സിംഹാസനത്തിൽ ഇരിക്കുന്നു എന്നതിനു സംശയമില്ല. അപ്പോൾ അവനെങ്ങനെയാണ് നമ്മെ അങ്ങേയറ്റം രക്ഷിക്കുവാൻ കഴിയുന്നത്? അവൻ സ്വർഗത്തിൽ മാത്രമല്ല, നമ്മുടെ ആത്മാവിലും ഉള്ളതുകൊണ്ട് അവന് അതു ചെയ്യുവാൻ കഴിയും. ഈ അത്ഭുതവാൻ ഒരേ സമയം സ്വർഗത്തിലും നമ്മുടെ ആത്മാവിലും ഉണ്ട്. വൈദ്യുതിയുടെ ഉദാഹരണം ഞാൻ പലപ്പോഴും ഉപയോഗിച്ചിട്ടുണ്ട്. നമ്മുടെ വീട്ടിൽ നാം ഉപയോഗിക്കുന്ന വൈദ്യുതി വൈദ്യുതിനിലയത്തിലും ഉണ്ട്. ഒരേ വൈദ്യുതി ഒരേ സമയം രണ്ടു സ്ഥലങ്ങളിലും ഉണ്ട്.

ക്രിസ്തു ജീവൻ-നൽകുന്ന ആത്മാവാണ്. ഈ ജീവൻ-നൽകുന്ന ആത്മാവിനുള്ളിൽ ശക്തമായ, അനശ്വരമായ ദിവ്യത്വവും, കൂടാതെ ശരിയായ, ഉയർത്തപ്പെട്ട മനുഷ്യത്വവും ഉണ്ട്. യേശുവിന്റെ മനുഷ്യത്വംപോലെ നേരായതും ശരിയായതുമായ ഒരു മനുഷ്യത്വവും ഇല്ല. വെള്ളത്തിൽ തേയിലയും പാലും ഉള്ളതുപോലെ, ഈ അത്ഭുതകരമായ ദിവ്യത്വവും ഈ ഉയർത്തപ്പെട്ട മനുഷ്യത്വവും ഇപ്പോൾ ആത്മാവിലുണ്ട്. നാം വെള്ളം കുടിക്കുമ്പോൾ നമുക്ക് തേയിലയും പാലും കിട്ടുന്നു, ജീവൻ-നൽകുന്ന ആത്മാവായ കർത്താവായ യേശുവിന്റെ നാമത്തെ നാം വിളിച്ചപേക്ഷിക്കുമ്പോൾ, നമുക്ക് അവന്റെ ദിവ്യത്വവും മനുഷ്യത്വവും ലഭിക്കുന്നു.

ദൈവത്തിന്റെ വഴി ഒന്നാമത് ഒരു മൂലരൂപം, ഒരു മാതൃക ഉണ്ടായിരിക്കുന്നതാണ്. ഈ മൂലരൂപം ഒരു മനുഷ്യനാകുവാൻ വന്ന പുത്രനായ ദൈവമാണ്. ദൈവത്തിന്റെ ദേഹരൂപമായ ഈ മനുഷ്യൻ മനുഷ്യജീവിതത്തിന്റെ സകല കഷ്ടങ്ങളും രുചിക്കുകയും അതിലൂടെ കടന്നുപോകുകയും ചെയ്തുകൊണ്ട് മുപ്പത്തിമൂന്നര വർഷം ഈ ഭൂമിയിൽ ജീവിച്ചു. അതിനുശേഷം അവൻ ക്രൂശിലേക്കു പോകുകയും മരിക്കുകയും ചെയ്തു. അവന്റെ മരണത്തിലൂടെ പഴയ സൃഷ്ടിയെ അവസാനിപ്പിക്കുകയും, പാപമെന്ന പ്രശ്നം പരിഹരിക്കുകയും, ദൈവത്തിന്റെ സകല ശത്രുക്കളെയും എതിരാളികളെയും നശിപ്പിക്കുകയും ചെയ്തു. ക്രൂശിലെ

അവന്റെ മരണം ദൈവത്തിന്റെ വ്യവസ്ഥയ്ക്കുവേണ്ടി സകലവും നിവർത്തിക്കുന്ന, സർവവും ഉൾക്കൊള്ളുന്ന മരണമായിരുന്നു. എന്നാൽ ഇത് അവസാനമായിരുന്നില്ല, കാരണം അവൻ തന്റെ ദിവ്യത്വത്തോടും മനുഷ്യത്വത്തോടുംകൂടെ ഉയിർത്തപ്പെട്ടു. അവന്റെ പുനരുത്ഥാനത്തിൽ അവന്റെ ദിവ്യത്വം ആവിഷ്കരിക്കപ്പെടുകയും പൂർണ്ണമായി വെളിവാക്കപ്പെടുകയും, അവന്റെ മനുഷ്യത്വം ഭൗതിക രൂപത്തിൽനിന്ന് ആത്മിക രൂപത്തിലേക്ക് രൂപാന്തരപ്പെടുകയും ചെയ്തു. ഇത് വളരെ മാർമികമാണ്, ഒരു മനുഷ്യ വാക്കുകൾകൊണ്ടും ഇതിനെ വിശദീകരിക്കുവാൻ കഴിയില്ല. അവന്റെ പുനരുത്ഥാനത്തിനുശേഷം, അവൻ ഇങ്ങനെയുള്ള അത്ഭുതവാനായ ഒരുവനായിത്തീർന്നു. ഈ അത്ഭുതവാനായ വ്യക്തിയുടെ എല്ലാ വശങ്ങളും വേണ്ടുംവണ്ണം വിശദമാക്കുവാൻ എനിക്കു കഴിയുകയില്ല. ഇന്ന് നമ്മുടെ രക്ഷകനായ ഈ അത്ഭുതവാനായ വ്യക്തിയിൽ, നിത്യവും, ശക്തവും, പരിധിയില്ലാത്തതുമായ ദിവ്യത്വവും, ഉയർത്തപ്പെട്ടതും രൂപാന്തരംപ്രാപിച്ചതുമായ മനുഷ്യത്വവും, ശരിയായ മനുഷ്യജീവിതവും, പാപമെന്ന പ്രശ്നത്തെ പരിഹരിച്ചതും, ശത്രുവിനെ പരാജയപ്പെടുത്തിയതും, പഴയ സൃഷ്ടിയെ അവസാനിപ്പിച്ചതുമായ സർവവും ഉൾക്കൊള്ളുന്ന മരണവും, പുനരുത്ഥാനവും നമുക്കുണ്ട്. അവനിൽ നമുക്ക് എത്രമാത്രം ഉണ്ട്! അവൻ ഇപ്പോൾ ശരിയായ മനുഷ്യത്വത്തിൽ ദൈവത്തെ ആവിഷ്കരിക്കുന്നു. പാപം അവന്റെ കാൽക്കീഴിലും, സാത്താൻ പരാജയപ്പെട്ടും, പഴയ സൃഷ്ടി അവസാനിച്ചുമിരിക്കുന്നു. ഇതാണ് ദൈവാവിഷ്കാരത്തിന്റെ മൂലരൂപമായ മാതൃക.

## ക്രിസ്തുവിനെ അനുകരിക്കുന്നതിന്റെ അസാധ്യത

ഇങ്ങനെയുള്ള ഒരുവനെ നിങ്ങൾക്ക് അനുകരിക്കുവാൻ കഴിയുമോ? ഒരു കൃത്രിമ ചായ ഉണ്ടാക്കുവാൻപോലും നമുക്കു കഴിയുകയില്ല. ഒരു കൃത്രിമ ചായ ഉണ്ടാക്കാൻ നാം ശ്രമിക്കരുത്, മറിച്ച് യഥാർഥ ചായ കുടിക്കുക. ഏത് അനുകരണവും വ്യാജമാണ്. ക്രിസ്തുമതത്തിൽ ക്രിസ്തുവിനെ അനുകരിക്കുവാൻ ജനത്തെ പഠിപ്പിക്കുന്നു, എന്നാൽ അവനെ അനുകരിക്കുക അസാധ്യമാണ്. നാം എല്ലാവരും കൃത്രിമ പൂക്കളെക്കുറിച്ച് സുപരിചിതരാണ്. യഥാർഥ പൂക്കളുടെ പ്ലാസ്റ്റിക് അനുകരണമെന്ന നിലയിൽ അവയ്ക്ക് യഥാർഥ പൂക്കളെപ്പോലെ അതേ നിറവും, ആകൃതിയും, കാഴ്ചയും ഉണ്ട്. അവ ആദ്യമായി വന്നപ്പോൾ ഞാൻ അവയെ ഇഷ്ടപ്പെട്ടു. കുറച്ചു കഴിഞ്ഞപ്പോൾ അവയെ ഞാൻ വെറുക്കുവാൻ ഇടയായി, കാരണം അവയ്ക്ക് ജീവനില്ല. മനുഷ്യന് അനുകരിക്കുവാൻ കഴിയും, എന്നാൽ സൃഷ്ടിക്കുവാൻ കഴിയുകയില്ല. നമുക്ക് ക്രിസ്തുവിനെ അനുകരിക്കാൻ കഴിയില്ലെങ്കിലും, നമ്മിൽ അവനെത്തന്നെ പുനരുല്പാദിപ്പിക്കുവാൻ അവനു കഴിയുമെന്നതിനായി കർത്താവിനു സ്തോത്രം.

## നമ്മുടെ ആളത്തത്തിലേക്കുള്ള മൂലരൂപത്തിന്റെ വ്യാപനം

ഒരു ഫാക്ടറിയിൽ ഒരു കമ്പനി ആദ്യം ഒരു മൂലരൂപം ഉല്പാദിപ്പിക്കുന്നു. പിന്നീടുള്ള വൻതോതിലെ ഉല്പാദനം ആ മൂലരൂപ മനുസരിച്ചാണ്. ഒരു നല്ല അർഥത്തിൽ നമ്മുടെ അത്ഭുതവാനായ ക്രിസ്തു ഒരു മൂലരൂപമാണ്. ഈ ജീവനുള്ള മാതൃക ദിവ്യത്വവും, മനുഷ്യത്വവും, മനുഷ്യജീവിതവും, ക്രൂശുമരണവും, പുനരുത്ഥാനവും ഉൾപ്പെടുന്ന ജീവനുള്ള ഒരു വ്യക്തിയാണ്. ഈ ആശ്ചര്യകരമായ മൂലകങ്ങളെല്ലം ചേരുന്ന ഇങ്ങനെയുള്ള ഒരു മാതൃക നമ്മുടെ ആളത്തത്തിലേക്ക് വന്നിരിക്കുന്നു. മാനുഷികവും മതപരവുമായ രീതി തിരുത്തുകയോ പുറമെനിന്നും മെച്ചപ്പെടുത്തുകയോ ആണ് ചെയ്യുന്നത്. ദൈവത്തിന്റെ രീതി ക്രിസ്തുവിനെ നമ്മിലേക്കു വയ്ക്കുന്നതാണ്. ക്രിസ്തു ആരാണ്? അവൻ ദൈവപുത്രനും, മനുഷ്യപുത്രനും, ജീവൻ-നൽകുന്ന ആത്മാവും ആണ്. ഈ അത്ഭുതവാനായ വ്യക്തിയെ ദൈവം നമ്മുടെ ആളത്തത്തിന്റെ കേന്ദ്രത്തിലേക്ക് വച്ചിരിക്കുന്നു. അവന് തുറന്നു കൊടുത്തുകൊണ്ട് ഈ അത്ഭുതവാനായ വ്യക്തിയുമായി നാം യോജിക്കുകയും സഹകരിക്കുകയും ചെയ്യുന്നുവെങ്കിൽ, അവൻ നമ്മുടെ ആത്മാവിൽനിന്നും പുറത്തേക്ക് നമ്മുടെ ദേഹിയിലേക്ക് വ്യാപിക്കും. ഇത് അനുകരണമല്ല; ഇത് നമ്മുടെ ആളത്തത്തിന്റെ ഉള്ളിലുള്ള മൂലരൂപത്തിന്റെ വ്യാപനമാണ്. ഇതിനെയാണ് വേദപുസ്തകം പുത്രത്വം എന്നു വിളിക്കുന്നത്. ക്രിസ്തു നമ്മിലേക്കു പുത്രനായി വന്നത് നമ്മിൽ പുത്രന്റെ ജീവനായിരിക്കുവാൻ വേണ്ടിയാണ്. റോമർ 8:15 അനുസരിച്ച് നമുക്ക് പുത്രത്വത്തിന്റെ ആത്മാവുണ്ട്. നമ്മെ യഥാർഥ പുത്രന്മാരാക്കുന്ന പുത്രത്വം നമുക്കുണ്ട്. ഈ പുത്രത്വം എന്നത് വാസ്തവത്തിൽ അത്ഭുതവാനായ മാതൃകയായ, ദൈവത്തിന്റെ ആദ്യജാതനായ പുത്രൻ തന്നെയാണ്. പുത്രന്റെ ജീവനും, പുത്രന്റെ ആത്മാവും, പുത്രത്വവും നമ്മുടെ ഉള്ളിലുണ്ട്.

ഒരു ഗ്ലാസ്സ് വെള്ളത്തിൽ ഒരു റ്റീ ബാഗ് ഇടുന്നതിന്റെ ഉദാഹരണം ഒരിക്കൽക്കൂടെ നമുക്കു നോക്കാം. നാം വെള്ളത്തെ എത്രയധികം ഇളക്കുന്നുവോ അത്രയുമധികം അത് തേയിലയുമായി സാന്ദ്രീകരിക്കും. അത് തേയില-വെള്ളമായിത്തീരുംവരെ തേയില വെള്ളത്തിലേക്ക് വ്യപിക്കുകയും വെള്ളവുമായി കലരുകയും ചെയ്യും. ആർക്കും യേശുവിനെ അനുകരിക്കുവാൻ കഴിയില്ല. നമുക്ക് യേശുവിനെ അനുകരിക്കാൻ കഴിയുമെങ്കിൽ ഒരു കുരങ്ങിന് ഒരു ആൺകുട്ടിയെ അനുകരിക്കുവാൻ കഴിയും. ക്രിസ്തു ഇങ്ങനെയുള്ള അത്ഭുതവാനായ ഒരു വ്യക്തിയാണ്. എങ്ങനെ നമുക്ക് അവനെ അനുകരിക്കുവാൻ കഴിയും? അത് യേശുവിനെ അനുകരിക്കുന്ന ഒരു കാര്യമല്ല; അത് വെള്ളം

തേയിലയുമായി സാന്ദ്രീകരിക്കുന്നതുപോലെ പുത്രത്വവുമായി സാന്ദ്രീകരിക്കുന്ന കാര്യമാണ്. പുത്രൻ, സാക്ഷാൽ പുത്രത്വമായി, നമ്മിലേക്കു വന്നിരിക്കുന്നു. പുത്രത്വമെന്ന നിലയിൽ അവൻ പുത്രന്റെ ജീവനും, ആത്മാവും, സ്ഥാനവും, അവകാശവും ആണ്. അവൻ നമ്മുടെ ആളത്തത്തിൽ മുഴുവൻ വ്യാപിക്കേണ്ടതിന്, ഈ പുത്രത്വം ഇപ്പോൾ നമ്മുടെ സഹകരണത്തിനായി കാത്തിരിക്കുന്നു.

## ഏകജാതനായ പുത്രൻ ആദ്യജാതനായ പുത്രനായിത്തീരുന്നു

എബ്രായലേഖനത്തിലും റോമാലേഖനത്തിലും പുത്രത്വത്തിന്റെ വിഷയം പറഞ്ഞിട്ടുണ്ട്. ക്രിസ്തുവിന്റെ ഒന്നാമത്തെ വരവിൽ, അവൻ ഒടുവിൽ പുനരുത്ഥാനത്തിലൂടെ ആദ്യജാതനായ പുത്രനായിത്തീർന്നു എന്ന് എബ്രായലേഖനത്തിൽ നമ്മോടു പറഞ്ഞിരിക്കുന്നു (1:5-6). അവന്റെ ജഡാവതാരത്തിനുമുമ്പ് അവൻ ഏകജാതനായ പുത്രനായിരുന്നു; എന്നാൽ പുനരുത്ഥാനത്തിലൂടെ അവൻ ആദ്യജാതനായ പുത്രനായി ജനിച്ചു. വർഷങ്ങൾക്കു മുമ്പ് ഞാൻ തിരുവെഴുത്തുകൾ വായിച്ചപ്പോൾ, "ഇവൻ എന്റെ പുത്രൻ; ഇന്നു ഞാൻ അവനെ ജനിപ്പിച്ചിരിക്കുന്നു" എന്നു പറയുന്ന സങ്കീർത്തനം 2:7 എന്നെ അസ്വസ്ഥനാക്കി. ഈ വാക്യം പ്രവൃത്തികൾ 13:33-ലും എബ്രായർ 1:5-ലും ഉദ്ധരിച്ചിട്ടുണ്ട്. ഇതിനാൽ അസ്വസ്ഥനായിട്ട് ഞാൻ എന്നോടുതന്നെ ചോദിച്ചു, "ക്രിസ്തു മുമ്പേതന്നെ ദൈവത്തിന്റെ പുത്രനായിരുന്നില്ലേ? അവൻ മുമ്പേതന്നെ ദൈവത്തിന്റെ പുത്രനായതിനാൽ ദൈവപുത്രനാകേണ്ടതിന് എന്തുകൊണ്ട് അവൻ ദൈവത്തിൽനിന്നു ജനിക്കണമായിരുന്നു?" അവന്റെ ജഡാവതാരത്തിനുമുമ്പ് ക്രിസ്തു മനുഷ്യസ്വഭാവം കൂടാതെ ദൈവപുത്രനായിരുന്നുവെന്ന് പിന്നീട് ഞാൻ മനസ്സിലാക്കി. ജഡവതാരം ചെയ്തപ്പോൾ അവൻ മനുഷ്യത്വം ധരിച്ചു. അവന്റെ ദിവ്യമൂലകം ദൈവപുത്രനായിരുന്നു, എന്നാൽ അവന്റെ മനുഷ്യമൂലകം ദൈവപുത്രനല്ലായിരുന്നു. ഇക്കാരണത്താൽ അവന്റെ മനുഷ്യമൂലകം ദൈവത്തിൽനിന്നു ജനിക്കേണ്ടതിന് അവൻ ഉയിർപ്പിക്കപ്പെടണമായിരുന്നു. ഈ ജനനത്തിലൂടെ ദൈവത്തിന്റെ ഏകജാതനായ പുത്രൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നു. മറ്റൊരു രീതിയിൽ പറഞ്ഞാൽ, ഏകജാതനായ പുത്രന് ദൈവത്തിൽനിന്നു ജനിച്ച മനുഷ്യത്വം ഉണ്ടായിരുന്നില്ല. അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീർന്നപ്പോൾ അവന്റെ മനുഷ്യത്വം ദൈവത്തിൽനിന്നു ജനിപ്പിക്കപ്പെട്ടു. ഈ രീതിയിൽ അവൻ ദൈവത്തിന്റെ ആദ്യജാതനായ പുത്രനായിത്തീരുകയും, ഈ ആദ്യജാതനായ പുത്രൻ മൂലരൂപം, മാതൃക ആയിത്തീരുകയും ചെയ്തു. ക്രിസ്തു

അനേകം സഹോദരന്മാരിൽ ആദ്യജാതൻ എന്നു പറയുന്നതിലൂടെ ഇതാണ് അർഥമാക്കുന്നത് (റോമ. 8:29). ആദ്യജാതനായ പുത്രൻ മൂലരൂപവും, അനേകം സഹോദരന്മാർ വൻതോതിലുള്ള ഉല്പാദനവും ആണ്. ഇന്ന് ഈ മാതൃക ജീവനുള്ള വ്യക്തിയായ കർത്താവായ യേശു ക്രിസ്തു ആണ്, അവനാണ് ദിവ്യപുത്രത്വത്തിന്റെ ആകത്തുക. ഈ ജീവനുള്ള വ്യക്തി നമ്മിലേക്കു വരുമ്പോൾ നമുക്ക് പുത്രത്വം ഉണ്ടായിരിക്കുകയും, നാം ദൈവത്തിന്റെ ഒരു പുത്രനായിത്തീരുകയും ചെയ്യുന്നു. ഇപ്പോൾ നാം ദൈവത്തിന്റെ പുത്രന്മാരാണ്, മാതൃകയെന്ന നിലയിൽ കർത്താവായ യേശു നമ്മിൽ പ്രവർത്തിക്കുകയും നീങ്ങുകയും ചെയ്യുന്നു.

Mon

## ആന്തരികമായ സാന്ദ്രീകരണത്തിന്റെ വിഷയം

പുത്രത്വം നമ്മിൽ ഉണ്ടായിരിക്കുന്നതിനാൽ നാം ദൈവത്തിന്റെ പുത്രന്മാരായിത്തീർന്നുവെങ്കിലും, നാം ഇപ്പോഴും ദൈവപുത്രനെപ്പോലെ കാണപ്പെടുന്നില്ല. അഞ്ചു ഗ്യാലൻ വെള്ളമുള്ള ഒരു പാത്രത്തിലേക്ക് ഞാൻ ഒരു റ്റീ ബാഗ് ഇടുന്നുവെന്നു സങ്കൽപിക്കുക. തേയില പാത്രത്തിന്റെ മധ്യത്തിലായിരിക്കാമെങ്കിലും വെള്ളത്തിന് തേയിലയുടെ കാഴ്ചയില്ല. തേയില വെള്ളത്തിലേക്കു വ്യാപിക്കുകയും സാന്ദ്രീകരിക്കുകയും വേണം. ക്രമേണ, മുഴുവൻ വെള്ളവും ചായവൽക്കരിക്കപ്പെടുകയും ചായയായിയിത്തീരുകയും ചെയ്യും. ഇതേ രീതിയിൽ, നമ്മുടെ ആത്മാവിലേക്ക് ക്രിസ്തു വന്നതിലൂടെ നാം ദൈവത്തിൽനിന്നു ജനിച്ചു. എന്നാൽ നമ്മിലേക്കു വന്നതിനുശേഷം നമ്മുടെ ആളത്തത്തിലേക്ക് അവനെത്തന്നെ വ്യാപിപ്പിക്കുവാൻ അവന് അധികം അവസരം ഉണ്ടായിട്ടില്ല. ഇത് പുറമേയുള്ള പെരുമാറ്റത്തിന്റെ കാര്യമല്ല; ഇത് ആന്തരികമായ സാന്ദ്രീകരണത്തിന്റെ കാര്യമാണ്.

ഏകജാതനായ പുത്രൻ ആദ്യജാതനായ പുത്രനായിത്തീർന്നു വെന്ന് എബ്രായലേഖനം നമ്മോടു പറയുന്നു. ആദ്യജാതനായ പുത്രൻ അനേകം പുത്രന്മാരെ വീണ്ടുംജനിപ്പിച്ചു, ഇപ്പോൾ അവൻ തികവിലും, പൂർത്തീകരണത്തിലും, തേജസ്കരണത്തിലുമുള്ള മാതൃകയാണ്. അവൻ തികഞ്ഞവനും, പൂർണനുമാണെങ്കിലും, ഉള്ളിൽ പുത്രത്വമുള്ള അനേകം പുത്രന്മാരായ നാം ഈ പുത്രത്വത്തിൽ തികഞ്ഞവരും, പൂർണരും, തേജസ്കരിക്കപ്പെട്ടവരും ആയിട്ടില്ല. ഇപ്പോൾ, നാം തികവിന്റെയും, പൂർത്തീകരണത്തിന്റെയും, രൂപാന്തരത്തിന്റെയും, തേജസ്കരണത്തിന്റെയും പ്രക്രിയയിലാണ്.

## പുത്രത്വവും അനുരൂപീകരണവും

റോമാലേഖനം, പ്രത്യേകിച്ചും എട്ടാം അധ്യായം, ഇതേ കാര്യത്തെക്കുറിച്ച് സംസാരിക്കുന്നു. റോമർ 8-നെ ആധാരമാക്കി അനേകം ക്രിസ്തീയ നേതാക്കന്മാർ എഴുതിയിട്ടുണ്ട്. എന്നാൽ

അവർ മുഖ്യമായും ഊന്നൽ നൽകുന്നത് ആത്മാവിനാണ്. അവർ ജീവന്റെ പ്രമാണത്തെയും ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നതിനെയും ഏറെക്കുറെ അവഗണിച്ചു. അനുരൂപപ്പെടുക എന്ന വിഷയത്തെ ആസ്പദമാക്കിയുള്ള ഒരു ക്രിസ്തീയ പുസ്തകം കണ്ടെത്തുക പ്രയാസമാണ്. എന്നിരുന്നാലും, പുത്രത്വത്തിന്റെ പൂർത്തീകരണത്തിന്, ആദ്യജാതന്റെ അനേകം സഹോദരന്മാരുടെ പൂർത്തീകരണത്തിന്, അനുരൂപീകരണം അനിവാര്യമാണ്. നാം ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സഹോദരന്മാരാണെങ്കിലും, നാം അവനെപ്പോലെ വളരെയൊന്നും കാണപ്പെടുന്നില്ല. ഇന്ന് നാം അവനെപ്പോലെ അധികമൊന്നും കാണപ്പെടുന്നില്ലെങ്കിലും, നാം അവന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്ന പ്രക്രിയയിലാണ്. നമ്മിൽ എത്രമാത്രം പുത്രത്വം പൂർത്തിയായി എന്നത് ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുവാൻ നാം എത്രത്തോളം മനസ്സുള്ളവരാണ് എന്നതിനെ ആശ്രയിച്ചിരിക്കുന്നു. ഇതു പുറമെയുള്ള പ്രവൃത്തിയുടെ ഒരു വിഷയമല്ല, ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുവാൻ നാം മനസ്സുള്ളവരാണോ അല്ലയോ എന്നതിന്റെ വിഷമായാണ്.

## പുത്രത്വവും ആത്മാവിന്റെ സാക്ഷ്യവും

ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്നതെങ്ങനെയെന്ന് നാം അറിയണമെങ്കിൽ റോമർ 8 വീണ്ടും വീണ്ടും വായിക്കണം. ഈ അധ്യായം ഒരു നിധിക്കലവറയിലെ ഭണ്ഡാരപ്പെട്ടിയാണ്. എല്ലാ സമ്പത്തും ഇവിടെ ഉണ്ട്. ഈ അധ്യായത്തിൽ നമുക്ക് ജീവന്റെ പ്രമാണവും, പുത്രത്വവും, അനുരൂപീകരണവും ഉണ്ട്. 14 മുതർ 16 വരെയുള്ള വാക്യങ്ങൾ പുത്രത്വത്തെക്കുറിച്ച് വ്യക്തമായി സംസാരിക്കുന്നു. "ദൈവത്തിന്റെ ആത്മാവിനാൽ നയിക്കപ്പെടുന്നവരൊക്കെയും ദൈവത്തിന്റെ പുത്രന്മാർ ആകുന്നു" എന്ന് വാക്യം 14-ഉം, "പുത്രത്വത്തിന്റെ ആത്മാവിനെ" നാം സ്വീകരിച്ചിരിക്കുന്നുവെന്ന് വാക്യം 15-ഉം പറയുന്നു. "നാം ദൈവമക്കളാകുന്നു എന്ന് ആത്മാവുതാനും നമ്മുടെ ആത്മാവോടുകൂടെ സാക്ഷ്യപ്പെടുത്തുന്നു" (വാ. 16) എന്നതുകൊണ്ട് പുത്രത്വത്തിന്റെ ആത്മാവിനെ നാം സ്വീകരിച്ചിരിക്കുന്നു എന്ന് നമുക്കറിയാം. നാം ദൈവത്തിന്റെ മക്കളാണെന്ന് ഉള്ളിൽ ആഴത്തിൽ നമുക്ക് ശക്തമായ ഒരു സാക്ഷ്യപ്പെടുത്തൽ, ശക്തമായ ഒരു സാക്ഷ്യം ഉണ്ട്. "ഞാൻ കാഴ്ചയ്ക്ക് ക്രിസ്തുവിനെപ്പോലെയല്ലെന്ന് എനിക്കറിയാം, എന്നാൽ ഞാൻ ദൈവത്തിന്റെ ഒരു പുത്രനാണെന്ന് എനിക്ക് പൂർണ ഉറപ്പുണ്ട്. നിങ്ങൾ എന്നെ എത്രമാത്രം വിമിർശിക്കുന്നു എന്നതോ എന്നെ കൊച്ചാക്കുന്നു എന്നതോ ഞാൻ ശ്രദ്ധിക്കുന്നില്ല, ഞാൻ ദൈവത്തിൽനിന്ന് ജനിച്ചിരിക്കുന്നു എന്നതിന് എനിക്ക്

യാതൊരു സംശയവുമില്ല" എന്ന്. നമ്മിൽ അനേകർക്കും ആത്മവിശ്വാസത്തോടെ പറയുവാൻ കഴിയും.

നമുക്ക് ഈ സാക്ഷ്യം നമ്മുടെ മനസ്സിലല്ല, നമ്മുടെ ആത്മാവിലാണ് ഉള്ളത്. നിങ്ങളുടെ മനസ്സിലേക്കു നിങ്ങൾ തിരിയുന്നുവെങ്കിൽ, "ഒരുപക്ഷേ ഞാൻ വീണ്ടുംജനിച്ചിട്ടില്ലായിരിക്കും. ഞാൻ വീണ്ടുംജനിച്ചിട്ടുണ്ടെങ്കിൽ, എന്തുകൊണ്ട് ഞാനിപ്പോഴും അങ്ങനെ തന്നെയിരിക്കുന്നു? 'കർത്താവേ, എന്നോടു കരുണ ഉണ്ടാകേണമേ. ഞാൻ വീണ്ടുംജനിച്ചിട്ടില്ലെങ്കിൽ ഇപ്പോൾത്തന്നെ വീണ്ടുംജനിക്കുവാൻ ഇടയാക്കേണമേ' എന്നു ഞാൻ പറയേണ്ടത് ആവശ്യമാണ്" എന്നു പറഞ്ഞുകൊണ്ട് നിങ്ങൾ സംശയിക്കുവാൻ തുടങ്ങും. കഴിഞ്ഞ കാലങ്ങളിൽ, ഇതേ കാര്യം ഞാൻ ചെയ്തു. എന്നാൽ നമ്മുടെ മനസ്സിൽ നാം സംശയിക്കുമ്പോൾ, നാം ദൈവത്തിൽനിന്നു ജനിച്ചിരിക്കുന്നു എന്ന സാക്ഷ്യം നമ്മുടെ ആത്മാവിൽ ആഴത്തിൽ നമുക്കുണ്ട്. ഇത് ഒരു ഉപദേശമല്ല: ഇത് നമ്മുടെ അനുഭവമാണ്. കർത്താവായ യേശുവിന്റെ നാമത്തെ വിളിച്ചപേക്ഷിച്ച ഏവനും വീണ്ടുംജനിച്ചവനാണ്, അവൻ ദൈവത്തിന്റെ മക്കളിൽ ഒരുവനാണെന്ന് സാക്ഷ്യപ്പെടുത്തിക്കൊണ്ട് ക്രിസ്തുതന്നെയായ പുത്രത്വത്തിന്റെ ആത്മാവ് അവന്റെ ആത്മാവിൽ ഉണ്ട്. നാം എത്ര മോശമായവരോ ക്രിസ്തീയ ജീവിതത്തിൽ എത്രതന്നെ പരാജയപ്പെട്ടവരോ ആണെങ്കിലും, നാം ദൈവത്തിന്റെ പുത്രന്മാരാണെന്ന സാക്ഷ്യം അപ്പോഴും നമ്മുടെ ആത്മാവിൽ നമുക്കുണ്ട്. ഇതൊരു വസ്തുതയാണ്, ആർക്കും ഇതിനോടു തർക്കിക്കുവാൻ കഴിയുകയില്ല. വീണ്ടുംജനിക്കുക എന്നത് ഒരു ചെറിയ കാര്യമല്ല.

## ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുവാനുള്ള മാർഗം

എങ്കിലും, വീണ്ടുംജനിക്കുക എന്ന വെറും വസ്തുതയിൽ നാം നിർത്തരുത്. റോമർ 8:2-ൽ ജീവന്റെ ആത്മാവിനെയും, വാക്യം 14 മുതൽ 16 വരെ പുത്രത്വത്തെയും, വാക്യം 29-ൽ അനുരൂപപ്പെടുന്നതിനെയും കുറിച്ച് പറയുന്നു. നാം ഇപ്പോൾ ദൈവത്തിന്റെ ആദ്യജാതനായ പുത്രന്റെ സ്വരൂപത്തോട് അനുരൂപപ്പെടുന്ന പ്രക്രിയയിലാണ്. എങ്ങനെ നമുക്ക് അനുരൂപപ്പെടാൻ കഴിയും? റോമർ 8:6-ൽ അതിനുള്ള മാർഗം കാണുവാൻ കഴിയും—നമ്മുടെ മനസ്സിനെ നമ്മുടെ ആത്മാവിൽ ഉറപ്പിക്കുന്നതിനാൽ. ആത്മാവിൽ ഉറപ്പിച്ചിരിക്കുന്ന മനസ്സ് ജീവനാണ്. നാം ചെയ്യുന്നതും പറയുന്നതുമായ സകലത്തിലും നമ്മുടെ മനസ്സ് നമ്മുടെ ആത്മാവിലാണെന്ന ഉറപ്പ് നമുക്കുണ്ടായിരിക്കണം. നമ്മുടെ മനസ്സ് ആത്മാവിൽനിന്ന് അകന്നിരിക്കുമ്പോൾ, വിച്ഛേദിപ്പിക്കപ്പെട്ട ഒരു വൈദ്യുതോപകരണം പോലെയാണ് നാം. നമ്മുടെ മനസ്സ് നമ്മുടെ

ആത്മാവിലല്ലെന്ന അനുഭൂതി നമുക്ക് ഉണ്ടാകുന്നുവെങ്കിൽ, നാം നിർത്തുകയും കർത്താവായ യേശുവിന്റെ നാമം വിളിച്ചപേക്ഷിക്കുകയും വേണം. കേവലം കർത്താവായ യേശുവിന്റെ നാമത്തെ നാം വിളിച്ചപേക്ഷിച്ചതിനുശേഷം, ഒരിക്കൽകൂടി നമ്മുടെ മനസ്സ് നമ്മുടെ ആത്മാവിലായിരുന്നുവെന്ന് ഉള്ളിൽ ആഴത്തിൽ നമുക്ക് ബോധ്യം ഉണ്ടായതായി നമ്മിൽ അനേകർക്കും സാക്ഷ്യപ്പെടുത്തുവാൻ കഴിയും. ഇത് ലളിതമായ ഒരു കാര്യമാണെങ്കിലും വളരെ ഗൗരവമുള്ളതാണ്.

ഷോപ്പിംഗിലുള്ള സഹോദരിമാരുടെ അനുഭവത്തെ പരിഗണിക്കുവാൻ ഞാൻ അവരോട് ആവശ്യപ്പെടുന്നു. ഒരു ഡിപ്പർട്ടുമെന്റ് സ്റ്റോറിൽ നിങ്ങൾ ഷോപ്പിംഗിനു പോയ അനേകം സമയങ്ങളിലും നിങ്ങളുടെ മനസ്സ് നിങ്ങളുടെ ആത്മാവിലല്ല എന്ന അനുഭൂതി നിങ്ങൾക്ക് ഉണ്ടായിട്ടും നിങ്ങൾ ചിലതൊക്കെ വാങ്ങി. ആ അനുഭവത്തിലേക്ക് നിങ്ങൾ തിരിഞ്ഞുനോക്കുന്നുവെങ്കിൽ, നിങ്ങളുടെ മനസ്സ് മൊത്തത്തിൽ നിങ്ങളുടെ ആത്മാവിൽനിന്ന് അകന്നിരുന്നുവെന്ന് നിങ്ങൾ തിരിച്ചറിയും. ഷോപ്പിംഗിനു പോകുന്നതിൽ നിങ്ങളുടെ മനസ്സ് ആത്മാവിലാണെന്ന അനുഭൂതി നിങ്ങൾക്ക് ഉണ്ടെങ്കിൽ, നിങ്ങൾക്കു മുന്നോട്ടുപോകാം. എന്നാൽ അത് നിങ്ങളുടെ ആത്മാവിലല്ലെന്ന അനുഭൂതി നിങ്ങൾക്ക് ഉണ്ടെങ്കിൽ, നിങ്ങൾ നിർത്തണം. കൃത്യമായി പറഞ്ഞാൽ ഇതാണ് ആത്മാവിനൊത്തവണ്ണം നടക്കുക, നമ്മുടെ ആളത്തം ആത്മാവിനൊത്തവണ്ണം ആയിരിക്കുക എന്നത് അർഥമാക്കുന്നത്.

## ജീവന്റെ ആന്തരിക ബോധത്താൽ നടക്കുന്നത്

ഇന്ന് ദൈവാത്മാവ് ദൂരെ സ്വർഗത്തിലല്ല; അവൻ നമ്മുടെ ആളത്തത്തിന് ഉള്ളിൽത്തന്നെയുണ്ട്. നമ്മുടെ ആത്മാവിലുള്ള ദൈവാത്മാവിനാൽ ബോധവാനാകുവാൻ കഴിയുമെന്ന് റോമർ 8:6 വിവക്ഷിക്കുന്നു. നമ്മുടെ മനസ്സിനെ ജഡത്തിൽ വയ്ക്കുന്നത് മരണമാണെന്ന് നമുക്കെങ്ങനെ അറിയാം? ആന്തരിക ബോധത്താൽ നാം അതറിയുന്നു. ഉള്ളിൽ ആഴത്തിൽ, നാം വിച്ഛേദിക്കപ്പെട്ടുവെന്നും നാം മരിച്ചിരിക്കുന്നുവെന്നുമുള്ള അനുഭൂതി നമുക്കുണ്ടാകുന്നു. നമ്മുടെ മനസ്സിനെ ജഡത്തിൽ ഉറപ്പിക്കുമ്പോഴെല്ലാം ഉള്ളിൽ ഈ അനുഭൂതി നമുക്കുണ്ട്. ആരും ഇത് നമ്മോടു പറയേണ്ട ആവശ്യം നമുക്കില്ല; നമുക്കുതന്നെ ഇത് അനുഭവിക്കുവാൻ കഴിയും. "ഞാൻ നീയുമായി തർക്കിച്ചുകൊണ്ടിരിക്കുമ്പോഴും ഞാൻ ആത്മാവിലാണ്. നിനക്കതു തിരിച്ചറിയാൻ കഴിയുന്നില്ലേ?" എന്ന് വിവാഹിതനായ ഒരു സഹോദരൻ തന്റെ ഭാര്യയോട് പറയുന്നുണ്ടാകാം. ഇത് അവൻ തന്റെ ഭാര്യയോടു പറയുമ്പോഴും, അവന്റെ മനസ്സ് ആത്മാവിലല്ലെന്ന അനുഭൂതി ഉള്ളിൽ ആഴത്തിൽ അവന് ഉണ്ടായിരിക്കുവാൻ കഴിയുന്നു.

ഞാൻതന്നെ ഇത് വളരെയധികം അനുഭവിച്ചിട്ടുള്ളതുകൊണ്ട് വളരെ നന്നായി ഞാൻ ഇത് മനസ്സിലാക്കുന്നു. നാം ശരിയാണെന്ന് മറ്റുള്ളവരോട് പറയുമെങ്കിലും, നാം തെറ്റാണെന്ന് നമ്മുടെ ആത്മാവിൽ നമുക്കറിയാം, കാരണം ജീവബോധം നമ്മോടുകൂടെ നിൽക്കുകയോ, നാം ചെയ്യുന്നതിനെ ന്യായീകരിക്കുകയോ ചെയ്യുന്നില്ല. നമ്മുടെ ആഴത്തിലുള്ള ആന്തരിക ബോധമനുസരിച്ച് നാം വിച്ഛേദിക്കപ്പെട്ടിരിക്കുന്നുവെന്ന് നാം അറിയുന്നു. ഇത് നമ്മുടെ ആത്മിക ഡ്രൈവിംഗിലെ ചുവന്ന ലൈറ്റാണ്. ചുവന്ന ലൈറ്റ് കാണുമ്പോഴെല്ലാം നാം നിർത്തണം. ആന്തരിക വെളിച്ചം പച്ചയാണെന്ന അനുഭൂതി ഉള്ളപ്പോൾ, നമുക്ക് മുന്നോട്ടുപോകാം. ഇതാണ് ഉള്ളിലെ ആത്മാവിനെ അനുഗമിക്കുകയും, ആന്തരിക ജീവബോധത്തിനൊത്തവണ്ണം ജീവിക്കുകയും നടക്കുകയും നമ്മുടെ ആളത്തം ആയിരിക്കുകയും ചെയ്യുക എന്നത് അർഥമാക്കുന്നത്.

ക്രിസ്തുവിന്റെ സ്വരൂപത്തോട് അനുരൂപപ്പെടാനുള്ള മാർഗം നമ്മുടെ ആത്മാവിൽ നമ്മുടെ മനസ്സിനെ വയ്ക്കുന്നതാണ്. വീണുപോയ ഒരു വ്യക്തിയുടെ മനസ്സ് അവന്റെ മുഴുവൻ ആളത്തത്തിന്റെയും ഒരു പ്രതിനിധിയാണ്, കാരണം അങ്ങനെയുള്ള ഒരു വ്യക്തി സകലവും അവന്റെ മനസ്സിനനുസൃതമായി ചെയ്യുന്നു. ആത്മാവിൽ നടക്കാത്ത വിശ്വാസികളുടെ കാര്യവും അങ്ങനെതന്നെയാണ്. അങ്ങനെ, നമ്മുടെ മനസ്സ് നമ്മുടെ ആത്മാവിലായിരിക്കുമ്പോൾ, അത് അർഥമാക്കുന്നത് നമ്മുടെ മുഴുവൻ ആളത്തവും നമ്മുടെ ആത്മാവിലാകുന്നു എന്നാണ്. നമ്മുടെ ദൈനംദിന ജീവിതത്തിൽ, നാം ആയിരിക്കുന്നതും നാം ചെയ്യുന്നതുമായ സകലത്തിലും, നമ്മുടെ മനസ്സ് നമ്മുടെ ആത്മാവിലാണെന്ന ഉറപ്പ് നമുക്ക് ഉണ്ടായിരിക്കണം. നമ്മുടെ മനസ്സും നമ്മുടെ മുഴുവൻ ആളത്തവും ആത്മാവിലായിരിക്കുന്നതാണ് ജീവൻ. ഇത് ജീവപ്രമാണത്തിന്റെ പ്രവർത്തനത്തിനൊത്തവണ്ണമാണ്.